"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം.ഡിബി1/19/2022-തസ്വഭവ.
തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 12-02-2022

## <u>സർക്കുലർ</u>

വിഷയം:- തസ്വഭവ-ഭൂരഹിത-ഭവന രഹിത ലൈഫ് ഗുണഭോക്താക്കൾക്ക് വീട്ടു നിർമ്മിച്ചു നൽകാൻ ഭൂമി കണ്ടെത്തുന്നതിനും, "മനസ്സോടിത്തിരി മണ്ണ്" ക്യാംപയിൻ-സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2021- തീയതിയിലെ 3.4 നമ്പർ തീരുമാനം.

ലൈഫ് ഗുണഭോക്താക്കളായ ഭൂരഹിത ഭവന രഹിതർക്ക് സ്ഥലം കണ്ടെത്തുന്നതിന് ചില പ്രദേശങ്ങളിൽ ബുദ്ധിമുട്ടുണ്ട്. തോട്ടം മേഖലയിൽ ഈ പ്രശ്നം വളരെ ഗൗരവമാണ്. ഭൂരഹിത ഭവന രഹിതരുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നവർ ആവശ്യമായ ഭൂമി ആ തദ്ദേശഭരണസ്ഥാപനത്തിൽ ലഭിക്കാതിരിക്കുകയും എന്നാൽ അതേ ജില്ലയിൽ തന്നെ മറ്റൊരു തദ്ദേശഭരണ സ്ഥാപനത്തിൽ ലഭിക്കുകയും ചെയ്താൽ സ്ഥലം ലഭ്യമായ തദ്ദേശഭരണ സ്ഥാപനത്തിൽ വീട്ടു നിർമ്മിച്ചു നൽകാൻ ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്ന തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന് ധനസഹായം നൽകാവുന്നതാണ്. ഇങ്ങനെ സ്ഥലം വാങ്ങുന്നത് അതത് ജില്ലയിൽ തന്നെ ആയിരിക്കണം. അതിനായി ഗുണഭോക്താവിന്റെ റേഷൻ കാർഡ് ഏതു തദ്ദേശഭരണസ്ഥാപനത്തിലാണോ ഉള്ളത് ആ തദ്ദേശഭരണസ്ഥാപനം (ഇപ്പോൾ സ്ഥിരമായി താമസിക്കുന്നത്) അർഹതപ്പെട്ട വിഹിതം നൽകണം. ഇതിന്മേലുള്ള ഹഡ്കോ ലോൺ ഭാവിയിൽ ഇതേ തദ്ദേശഭരണസ്ഥാപനം തിരികെ അടയ്ക്കേണ്ടതാണ്. ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകുന്നതിനും ഇതേ മാനദണ്ഡം പാലിക്കേണ്ടതാണ്.

ഭൂരഹിത - ഭവന രഹിത ലൈഫ് ഗുണഭോക്താക്കൾക്ക് വീട്ടു നിർമ്മിച്ചു നൽകാൻ ആവശ്യമായ ഭൂമി കണ്ടെത്താൻ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും പ്രത്യേക ഇടപെടൽ നടത്തുകയും "മനസ്സോടിത്തിരി മണ്ണ് " " ക്യാംപയിൻ വിജയിപ്പിക്കുന്നതിന് സുമനസ്സുകൾ, സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയുടെ സഹായം തേടുന്നതടക്കമുള്ള ഇടപെടൽ തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളടക്കമുള്ളവർ ചെയ്യുകയും വേണമെന്ന് നിഷ്കർഷിക്കുന്നു.

I/5164675/2022

ഉത്തരവിൻ പ്രകാരം

Reena

സെക്ഷൻ ഓഫീസർ.

ബിജു പ്രഭാകർ
സെക്രട്ടറി

പകർപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ നഗരസഭാ ചെയർമാൻ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും(ഗ്രാമ വികസന കമ്മീഷണർ മുഖേന)

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.